ഇത് കൂടാതെ 10 സീറ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്ക് സംവരണം ചെയ്തിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഹോമിയോ വകുപ്പിൽ മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളിൽ നോൺ കേഡർ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുവാൻ നടപടി

152 (4587) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ വകുപ്പിൽ എത്ര മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് ദിവസക്കൂലി ഇനത്തിൽ എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് ;

(സി) ഇത്തരം ഒഴിവുകളിലേക്ക് നോൺ-കേഡർ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുവാൻ വ്യവസ്ഥയുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) മെഡിക്കൽ ഓഫീസർമാർ ഇല്ലാത്ത ഡിസ്പെൻസറികളിൽ നോൺ-കേഡർ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 71 ഒഴിവുകൾ

(ബി) 17 പേരെ

(സി&ഡി) ഇല്ല. നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് ഹോമിയോപ്പതി വകുപ്പിലെ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനം നടത്തുന്നത് പി.എസ്.സി. മുഖേനയാണ്.

സംസ്ഥാന ഹോമിയോപ്പതിക്ക് സഹകരണ ഫാർമസി ജീവനക്കാരുടെ ശമ്പള പരിഷ്കരണ കരാറിന് അംഗീകാരം നൽകുവാൻ നടപടി

153 (4588) ശ്രീ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ പാതിരാപ്പള്ളിയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസിയിൽ ഓരോ വിഭാഗത്തിലുമായി ആകെ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 1999-ൽ ഒപ്പുവച്ച ജീവനക്കാരുടെ ശമ്പളപരിഷ്കരണ കരാറിന് നാളിതുവരെ അംഗീകാരം നൽകാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കരാറിന് അംഗീകാരം നൽകുന്നതിൽ ധനകാര്യ വകുപ്പ് ഏതെങ്കിലും തടസ്സങ്ങൾ ഉന്നയിച്ചുണ്ടെങ്കിൽ അവ എന്തൊക്കെയെന്നും ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പിന്റെ അഭിപ്രായമെന്തെന്നും വിശദമാക്കുമോ ;

(ഡി) പ്രസ്തുത കരാറിന് അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)	അക്കൗണ്ട് വിഭാഗം	..	8
	ഉല്പാദന വിഭാഗം മേൽനോട്ടം	..	4
	വർക്കേഴസ്	..	20
	മാനേജിംഗ് ഡയറക്ടർ	..	1
	ആകെ	..	33

(ബി) ശമ്പള പരിഷ്കരണ കരാർ ഒപ്പുവച്ചത് 11-11-2000-ൽ ആണ്. ടി കരാർ സംബന്ധിച്ച് ചില കൂടുതൽ വിവരങ്ങൾ ഫാർസിയിൽനിന്ന് ലഭ്യമാക്കേണ്ടിവന്നു. ആയത് പരിശോധിച്ചുവരികയാണ്.

(സി-ഡി) ധനകാര്യവകുപ്പ് തടസ്സങ്ങളൊന്നും ഉന്നയിച്ചിട്ടില്ല. കരാറിന് അംഗീകാരം നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ രോഗനിർണ്ണയ ഉപകരണങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടി

154 **(4589)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എത്ര സ്കാനിംഗ് മെഷീനുകളും എക്സ്റേ യൂണിറ്റുകളും പ്രവർത്തനരഹിതമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഉപകരണങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിലേക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാർ എന്തുതുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ച തുകയിൽ കഴിഞ്ഞ സാമ്പത്തിക വർഷം അവസാനംവരെ എന്തുതുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ;

(ഇ) ശേഷിച്ച തുക ചെലവഴിക്കാതിരിക്കാനുള്ള കാരണം പറയാമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ 9 എക്സ്റേ യൂണിറ്റുകൾ നിലവിലുണ്ട്. ഇതിൽ നാലെണ്ണം പ്രവർത്തനരഹിതമാണ്. ഒരു സി.റ്റി. സ്കാനർ യൂണിറ്റ് ഉണ്ട്. ഇത് പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly